**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **09-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവയ്ക്ക് പുറമേ പൗരസേവനത്തിലും രാജ്യത്ത് ഏറ്റവും മികവ് പുലർത്തുന്ന സേനയായി മാറാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം ശക്തമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ ഓൺലൈൻ മുഖേന പരാതി സമർപ്പിക്കുന്നതിന് Thuna, Aparajitha Online എന്നീ സംവിധാനങ്ങളും Traffic Fine അടക്കുന്നതിലേക്കായി ഇ-ചെലാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തര പരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നു.<br>സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും |

| | | | |
|---|---|---|---|
| | | | സംബന്ധിക്കുന്ന നിയമ വിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടം ഘട്ടമായി നൽകിയിട്ടുണ്ട്.<br>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.<br>പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതുമാണ്.<br>സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) ആരംഭിച്ചിട്ടുണ്ട്.<br>വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Helpline സാമൂഹ്യ ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കായി CARE, Senior Citizen Help Desk എന്നീ സംവിധാനങ്ങൾ വഴി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജനമൈത്രി ബീറ്റ് സംവിധാനം വഴി ഒറ്റക്ക് താമസിക്കുന്ന വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഇവർക്കാവശ്യമായ സുരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും SI/Addl.SI/ASI റാങ്കിൽപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥരെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഫിക്കി അഖിലേന്ത്യാതലത്തിൽ | (ബി) | കേരള പോലീസ് സൈബർ ഡോമിന് സൈബർ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടുള്ള വിവിധ അവാർഡുകൾ കേരള പോലീസിന് ലഭിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ മികവിനാണ് അവാർഡ് ലഭിച്ചത്; വിശദാംശം നൽകുമോ; | | സുരക്ഷയുമായി ബന്ധപ്പെട്ട് 2018 ൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) സ്മാർട്ട് പോലീസിങ് അവാർഡ് ലഭിച്ചു.<br>കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ കേരള പോലീസിന്റെ കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ളോയിറ്റേഷൻ സെന്ററിന് അടിയന്തിര ഘട്ടങ്ങളിൽ എത്രയും വേഗം സഹായം ലഭ്യമാക്കുന്നതിന് രൂപം നൽകിയ എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റത്തിനുമാണ് 2020 ലെ ഫിക്കി സ്മാർട്ട് പോലീസിങ് അവാർഡ് ലഭിച്ചത്.<br>ഫിക്കി നൽകുന്ന 2021 ലെ സ്മാർട്ട് പോലീസിംഗ് അവാർഡും സ്പെഷ്യൽ ജൂറി അവാർഡും കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിങ് വിഭാഗത്തിൽ കേരള പോലീസ് അസിസ്റ്റന്റ് ചാറ്റ് ബോട്ട് സർവ്വീസ്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിഭാഗത്തിൽ ചിരി ഹെൽപ്പ് ലൈൻ, ദുരന്ത മേഖലകളിലെ അടിയന്തര ഇടപെടൽ വിഭാഗത്തിൽ ഇതിനായി പ്രത്യേകം രൂപീകരിച്ച ഡിസാസ്റ്റർ ആന്റ് എമർജൻസി റെസ്പോൺസ് സംവിധാനവും, പരിശീലന വിഭാഗത്തിൽ മൈൻഡ്ഫുൾ ലൈഫ് മാനേജ്മെന്റും മറ്റ് പോലീസ് സംരംഭങ്ങൾ പരിഗണിച്ചതിൽ സെന്റർ ഫോർ എംപ്ലോയി എൻഹാൻസ്മെന്റ് ആന്റ് ഡെവലപ്മെന്റ് അവാർഡിന് അർഹമായി. കേരളാ പോലീസിന്റെ വിവിധ മേഖലകളിലെ ആശയനിർവ്വഹണ നേട്ടങ്ങൾ കണക്കിലെടുത്ത് സ്മാർട്ട് ഇന്നൊവേറ്റീവ് പോലീസിംഗ് എന്ന വിഭാഗത്തിൽ സ്പെഷ്യൽ ജൂറി അവാർഡും 2021 ൽ കേരളാ പോലീസിന് ലഭിച്ചു. |
| (സി) | സംസ്ഥാനത്തെ പ്രധാനകേന്ദ്രങ്ങളും തെരുവുകളും ക്യാമറ നിരീക്ഷണത്തിലാക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനരീതി അറിയിക്കാമോ; | (സി) | ഉണ്ട്. പ്രധാന കേന്ദ്രങ്ങളിലും തെരുവുകളിലും ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ അതാത് പോലീസ് കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന വിധത്തിലാണ് ഒരുക്കിയിട്ടുള്ളത്. ഇവ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ടി കൺട്രോൾ റൂമുകളിലുണ്ട്. ടി ക്യാമറകളിലൂടെ ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | അടിയന്തര സഹായത്തിന് വിളിച്ചാലുടൻ സേവനം ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ പോലീസ് സേനയുടെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പോലീസ് ആസ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 112 എന്ന ടോൾ ഫ്രീ സംവിധാനത്തിലൂടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന Emergency Response Support System (ERSS) കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനം ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് കേരളത്തിൽ ഏത് സ്ഥലത്ത് നിന്നും അടിയന്തിര പോലീസ് സേവനം ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ